പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1365 | 15-10-2026-ൽ മറുപടിയ്ക്ക്

**<u>സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ സുരക്ഷയും നിയന്ത്രണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും ഓപ്പറേറ്റർമാർക്കും വിനോദസഞ്ചാര വകുപ്പിന്റെ 14.10.2019-ലെ സ.ഉ. (എം.എസ്.) നം. 18/2019/ടൂറിസം പ്രകാരം പുറപ്പെടുവിച്ച Kerala Adventure & Activity Based Tourism Safety and Security Guidelines അനുസരിച്ചാണ് രജിസ്ട്രേഷൻ അനുവദിച്ചുവരുന്നത്. പ്രസ്തുത മാർഗനിർദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അപേക്ഷകൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) മുഖേന പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുകയും, തുടർന്ന് സംസ്ഥാനതല വിദഗ്ധ സമിതിയുടെ പരിശോധനയും ശുപാർശയും പരിഗണിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. രജിസ്ട്രേഷന്റെ കാലാവധി രണ്ട് വർഷമാണ്.

**(ബി)** സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ സുരക്ഷാ മാനദണ്ഡങ്ങൾ, ജീവനക്കാരുടെ പരിശീലനം, യോഗ്യത എന്നിവ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ; വ്യകതമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. കേരള അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ് ലൈൻസിന്റെ അടിസ്ഥാനത്തിൽ സാഹസിക ടൂറിസം യൂണിറ്റുകളുടെ രജിസ്ട്രേഷൻ, മാനദണ്ഡങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി 23.01.2021-ലെ സ.ഉ. (കൈ) നം. 19/2021/ടൂറിസം പ്രകാരം

സർക്കാർ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിദഗ്ധ സമിതിയാണ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സുരക്ഷാ മാനദണ്ഡങ്ങൾ, ജീവനക്കാരുടെ പരിശീലനം, യോഗ്യത എന്നിവ പരിശോധിച്ച് വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. സാഹസിക ടൂറിസം യൂണിറ്റുകളുടെ രജിസ്ട്രേഷൻ അനുവദിക്കുന്നതിന് മുമ്പ്, ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും സുരക്ഷാ മാനദണ്ഡങ്ങളും വിശദമായി പരിശോധിച്ചുവരുന്നു. മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിട്ടുള്ള അഡ്വഞ്ചർ ടൂറിസം കോഴ്സ് പൂർത്തിയാക്കിയിരിക്കണം, ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം, കൂടാതെ ഫസ്റ്റ് എയ്ഡ്, സിപിആർ (CPR) തുടങ്ങിയ അടിയന്തര വൈദ്യസഹായ നടപടികളിൽ ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും പ്രാവീണ്യവും ഉണ്ടായിരിക്കണം. ഇതോടൊപ്പം സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത, ഇൻഷുറൻസ്, അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയും പരിശോധിക്കുന്നു. ഇപ്രകാരം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളും യോഗ്യതകളും സുരക്ഷാ സംവിധാനങ്ങളും വിശദമായി പരിശോധിച്ചശേഷം മാത്രമാണ് വിദഗ്ധസമിതി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

**(സി)** ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് നിർബന്ധിത അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

<u>**മറുപടി:**</u> ഉണ്ട്. സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്ന സമയത്ത് നിലവിലുള്ള മാർഗനിർദേശങ്ങൾ പ്രകാരം നിർദിഷ്ട ഇൻഷുറൻസ് പരിരക്ഷകൾ ഉറപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി യൂണിറ്റുകൾ താഴെപ്പറയുന്ന മൂന്ന് തരത്തിലുള്ള ഇൻഷുറൻസ് പരിരക്ഷകൾ ഏർപ്പെടുത്തിയിരിക്കണം.

1. Public Liability Insurance

2. Workmen compensation insurance

3. Asset Insurance

പ്രസ്തുത ഇൻഷുറൻസ് പരിരക്ഷകൾ ഉറപ്പാക്കിയ ശേഷമാണ് രജിസ്ട്രേഷൻ നടപടികൾ മാർഗനിർദേശങ്ങൾക്കനുസൃതമായി പരിഗണിക്കുന്നത്.

**(ഡി)** സാഹസിക വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്ന ബോട്ടുകൾ, സുരക്ഷാ ജാക്കറ്റുകൾ, ഹെൽമെറ്റുകൾ, കയറുകൾ, സുരക്ഷാ ബെൽറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ സുരക്ഷയും പ്രവർത്തനക്ഷമതയും പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>**മറുപടി:**</u> ഉണ്ട്. 2019-ലെ Kerala Adventure & Activity Based Tourism Safety and Security Guidelines ലെ വ്യവസ്ഥകൾ പ്രകാരമാണ് സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ബോട്ടുകൾ, സുരക്ഷാ ജാക്കറ്റുകൾ, ഹെൽമെറ്റുകൾ, കയറുകൾ, സുരക്ഷാ ബെൽറ്റുകൾ തുടങ്ങിയ ഉപകരണങ്ങളുടെ സുരക്ഷയും

പ്രവർത്തനക്ഷമതയും രജിസ്ട്രേഷൻ പരിശോധനാവേളയിൽ വിലയിരുത്തുന്നത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതും ആവശ്യമായ സർട്ടിഫിക്കേഷനുകൾ ലഭ്യമായിട്ടുള്ളതുമായ ഉപകരണങ്ങൾ മാത്രമേ അംഗീകരിക്കുകയുള്ളൂ. യന്ത്രവൽകൃത ജലയാനങ്ങൾക്ക് പോർട്ട് വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷനും യന്ത്രവൽക്കരിക്കാത്ത ജലയാനങ്ങൾക്ക് ബന്ധപ്പെട്ട കനാൽ വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷനും നിർബന്ധമാണ്. മറ്റ് സാഹസിക ടൂറിസം ഉപകരണങ്ങളുടെ കാര്യത്തിൽ, മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന ആവശ്യമായ സർട്ടിഫിക്കേഷനും നിർബന്ധമാണ്. ഇപ്രകാരം ബന്ധപ്പെട്ട രേഖകൾ, സർട്ടിഫിക്കേഷനുകൾ, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ വിശദമായി പരിശോധിച്ചശേഷമാണ് രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**